SMF

pre marital certificate course

**SAMASTHA KERALA SUNNI MAHALLU FEDERATION**
**STATE COMMITTEE**

Samasthalayam, Chelari, P.o Thenhipalam, Malappuram - 673636

## വിജയത്തുടക്കം വിവാഹത്തിലൂടെ

മനുഷ്യ ജീവിതത്തിലെ നിർണായകമായ നാഴികക്കല്ലാണ് വിവാഹം.ഇസ്ലാമിക ദൃഷ്ട്യാ പ്രതിഫലാർഹമായ സൽകർമവും.വിവാഹം സ്വർഗത്തിൽ നടക്കുന്നുവെന്നാണ് ചൊല്ല്. അത് പക്ഷേ, ഭൂമിയിൽ തകരരുത്. മഹല്ലുകളിലെ വിവാഹം മാതൃകാപരമായാൽ മാറ്റവും മുന്നേറ്റവും എളുപ്പമാകും. സുന്നീ മഹല്ല് ഫെഡറേഷൻ അത് തിരിച്ചറിയുന്നു .

കുടുംബങ്ങളാണ് സമൂഹത്തിന്റെ അടിത്തറ, വിവാഹം കുടുംബത്തിന്റെയും. സന്തുഷ്ട കുടുംബങ്ങൾ നല്ല സമൂഹത്തെ സൃഷ്ടിക്കുന്നു. പാകമായ നേരത്ത് പര്യാപ്തരായ ഇണകളെ പക്വമായി കണ്ടെത്തുന്നതിലൂടെയാണ് കുടുംബ ജീവിതത്തിൽ പരിപൂർണ വിജയത്തിന്റെ പടികയറ്റം ആരംഭിക്കുന്നത് .

നമുക്ക് നമ്മുടെ മക്കളെ നന്മയുടെ വാഹകരായ നവദമ്പതികളാക്കാം. അവർ വിവാഹത്തെക്കുറിച്ചും വിവാഹാനന്തര ജീവിതത്തെക്കുറിച്ചും ബോധവും ബോധ്യവും നേടി ദാമ്പത്യത്തിലേക്ക് പ്രവേശിക്കട്ടെ. അവരുടെ സ്വപ്നങ്ങൾ നിറമുള്ളതാവട്ടെ....

വിവാഹത്തിന്റെ വിശാലതലത്തെ മത, മന:ശാസ്ത്ര വശങ്ങളിലൂടെ മനോഹരമായി പരിചയപ്പെടുത്തുന്ന വിധത്തിൽ സുന്നീ മഹല്ല് ഫെഡറേഷൻ സംസ്ഥാന കമ്മിറ്റി രൂപപ്പെടുത്തി നടപ്പിലാക്കുന്ന വിവാഹ മുന്നൊരുക്ക പരിശീലന പരിപാടിയാണ് എസ്.എം.എഫ്. പ്രീമാരിറ്റൽ സർട്ടിഫിക്കറ്റ് കോഴ്സ്. കോവിഡ് പ്രതിസന്ധിക്ക് ശേഷം നൂതന രൂപത്തിൽ റീലോഞ്ച് ചെയ്യപ്പെട്ട ഈ കോഴ്സ് മഹല്ലുകളിൽ കൂടുതൽ സജീവമാവുകയാണ്. കോഴ്സ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നേടിയവർക്കേ നികാഹ് നടത്തിക്കൊടുക്കൂ എന്ന നിർബന്ധബുദ്ധിയിലേക്ക് മഹല്ലുകൾ എത്തണം. പ്രീമാരിറ്റൽ കോഴ്സും കൗൺസിലിങ്ങും നിർബന്ധമാക്കാൻ സർക്കാർ ഏജൻസികളും ഒരുങ്ങുന്നുണ്ട്.

## ത്രിതല സംവിധാനം

1. ഓഫ് ലൈൻ ക്ലാസ്

- 3 മണിക്കൂർ വീതമുള്ള 4 ക്ലാസുകൾ
- ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും വെവ്വേറെ ബാച്ചുകൾ.
- പരിശീലനം ലഭിച്ച പ്രതിഭാധനരായ ആർ.പിമാരുടെ പവർപോയിന്റ് പ്രസന്റേഷനോടെയുള്ള ക്ലാസുകൾ . (വനിതാ ട്രെയിനർമാർ ഉൾപ്പെടെ.)
- ഗ്രൂപ്പ് ചർച്ചകൾ ,ബ്രെയിൻ സ്റ്റോമിങ്, ആക്റ്റിവിറ്റീസ് ഉൾപ്പെടെ ചലനാത്മക സെഷനുകൾ .
- പരീക്ഷയും മൂല്യനിർണയവും.
- വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് എസ്.എം.എഫ്. സ്റ്റേറ്റ് കമ്മിറ്റി നൽകുന്ന സർട്ടിഫിക്കറ്റ് .

2. ലോകത്തിന്റെ ഏത് കോണിൽ നിന്നും ഒരേ സമയം സംബന്ധിക്കാവുന്ന ഓൺലൈൻ ക്ലാസുകൾ ( സൂം ആപ്പ് / ഗൂഗ്ൾ മീറ്റ് )വഴി.

3. വ്യക്തിഗതമായ സൗകര്യാനുസരണം ഉപയോഗപ്പെടുത്താവുന്ന വെബ് ആപ്പ്

## സവിശേഷതകൾ

- ത്രിതല സംവിധാനം (ഓഫ്ലൈൻ, ഓൺലൈൻ, വെബ് ആപ്പ്)
- പ്രഗൽഭരടങ്ങുന്ന അക്കാഡമിക് കൗൺസിലിന്റെ മേൽനോട്ടം.
- പരിശീലനം സിദ്ധിച്ച ആർ.പിമാരുടെ സേവനം.
- വനിതാ ആർ.പി. ടീം.
- ആർ.പിമാർക്ക് തുടർപരിശീലനങ്ങൾ .
- മത മന:ശാസ്ത്രതലങ്ങൾ സ്പർശിക്കുന്ന സമഗ്രമായ മൊഡ്യൂളുകൾ.
- കോഴ്സ് പൂർത്തിയാക്കുന്ന പഠിതാക്കൾക്ക് കൈപ്പുസ്തകം

  പ്രമുഖ ഫാമിലി കൗൺസിലർ എസ്. വി. മുഹമ്മദലിയുടെ രചന.

  ദമ്പതികൾക്ക് വൈവാഹിക ജീവിതത്തിലുടനീളം ഉപകാരപ്പെടുന്ന ഉള്ളടക്കം.

## വിഷയ മേഖലകൾ

- **ക്ലാസ് 1 :** Be Ready to Get Married **(വിവാഹം: പ്രാധാന്യം, ഒരുക്കം)**
- **ക്ലാസ് 2 :** Love Before and After Marriage **(പ്രണയം വിവാഹത്തിന് മുമ്പും ശേഷവും )**
- **ക്ലാസ് 3 :** Happy and Healthy Family **(ആരോഗ്യ സന്തുഷ്ട കുടുംബം)**
- **ക്ലാസ് 4 :** Human Biology and Sex Education **(മനുഷ്യ ജീവ ശാസ്ത്രവും ലൈംഗിക വിദ്യാഭ്യാസവും ).**

## സംഘാടനം

- **എസ്.എം.എഫ്. അംഗീകൃത മഹല്ലുകൾ/യൂണിറ്റുകൾ, സമസ്തയുടെ പോഷക ഘടക ങ്ങളാണ് സംഘാടനം നടത്തേണ്ടത്.**
- **എസ്.എം.എഫ്. ജില്ലാ കമ്മിറ്റി / ജില്ലാ ഓർഗനൈസർ മുഖേന സംസ്ഥാന കമ്മിറ്റി ഓ ഫീസിൽ നിന്ന് സെന്റർ അഫിലിയേഷൻ നേടണം.**
- **16 വയസ് പൂർത്തിയായ പെൺകുട്ടികളും 22 വയസ്സ് പൂർത്തിയായ ആൺകുട്ടികളുമാ ണ് പഠിതാക്കൾ.**
- **ഒരു ബാച്ചിൽ 20 ൽ കുറയാത്ത, 50 ൽ കൂടാത്ത പഠിതാക്കൾ.**

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:**

**+916235292929, +919961081443, +919605833603**